**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2051 **05.05.2017**-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ,<br>ശ്രീ.കെ.മുരളീധരൻ,<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ), (ബി) & (സി) | സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3.5 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ച നൽകുന്നു. ടി തുക നാല് നിശ്ചിത ഗഡുക്കളായി (15%, 30%, 40%, 15%) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. കൂടാതെ 2007-08 മുതൽ അനുവദിച്ച നൽകിയതിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിന് സ്പിൽഓവർ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച നൽകുന്നുണ്ട്. 2007-08 മുതൽ 2012-13 വർഷം വരെ അനുവദിച്ച വീടുകളിൽ പഴയ നിരക്കിൽ തുക കൈപ്പറ്റി പണി പൂർത്തിയാകാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ഒടുവിൽ കൈപ്പറ്റിയ ധനസഹായത്തുക രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതിക നിരക്കിൽ അധിക ധനസഹായമായി അനുവദിക്കുന്ന ഒരു പുതിയ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ ഗവൺമെന്റിന്റെ കാലത്ത് പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പ്രയോജനപ്പെടുത്തിയതെന്നു വിവരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഈ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 14,946 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 2007-08 മുതൽ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിച്ച 16363 വീടുകളിൽ 4567 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 2016-17 വർഷം 232,35,94,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം 2016-17 വർഷം 2,14,15,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 378 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിൽ 45 പേർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മറ്റുള്ളവ വിവിധ ഘട്ടങ്ങളിലാണ്. ഇതിനായി 2016-17 വർഷം 17,43,15,900/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ